(ഇ) 2014-15-ൽ ആകെ എത്ര ഡെലിവറി കിറ്റുകൾ വാങ്ങുകയുണ്ടായി ; എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(എഫ്) ഡെലിവറി കിറ്റുകളുടെ അഭാവത്തിൽ സർക്കാർ ആശുപത്രികളിൽ ഗർഭിണികളുടെ രക്തസ്രാവ മരണവും ശിശുക്കളുടെ അണുബാധ മരണവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; ഇങ്ങനെ എത്ര മരണങ്ങൾ സംഭവിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രതിവർഷം ഏകദേശം 94000 കിറ്റുകൾ വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു.

(ബി) ഏകദേശം 57000 സിസേറിയൻ കിറ്റുകൾ വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു.

(സി) 2013-14 - 1.9 കോടി രൂപ

2014-15 - 2.2 കോടി രൂപ

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ് ആരോഗ്യ വകുപ്പിൽ ഡെലിവറി കിറ്റുകൾ വാങ്ങി ലഭ്യമാക്കുന്നത്.

(ഇ) 2014-15-ൽ ഡെലിവറി കിറ്റുകൾ ലഭ്യമാക്കിയിട്ടില്ല.

(എഫ്) 2014-15 വർഷത്തിൽ ഏപ്രിൽ 2014 മുതൽ ഒക്ടോബർ 2014 വരെ സംസ്ഥാനത്ത് 1839 ശിശുമരണങ്ങളും 84 മാതൃമരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ശിശുമരണങ്ങൾ ഡെലിവറി കിറ്റുകളുടെ അഭാവംകൊണ്ട് സംഭവിക്കുന്നതല്ല. 84 മാതൃമരണങ്ങൾ ഉണ്ടായെങ്കിലും ഇവയിലൊന്നുംതന്നെ ഡെലിവറി കിറ്റിന്റെ അഭാവത്തിൽ ഉണ്ടായതാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി

44 (2595) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ ; മുൻകരുതൽ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പക്ഷിപ്പനി തടയാൻ ആവശ്യമായ പ്രതിരോധ മരുന്നുകൾ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി നിയന്ത്രിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. ആലപ്പുഴ ജില്ലയിലെ പക്ഷിപ്പനി രോഗബാധിത പ്രദേശങ്ങളിലെ എല്ലാ മെഡിക്കൽ ആഫീസർമാർക്കും ഫീൽഡ് വിഭാഗം ജീവനക്കാർക്കും മറ്റ് സന്നദ്ധ സംഘടനകൾക്കും രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ട്രെയിനിംഗ് നൽകി.

2. പക്ഷിപ്പനി സ്ഥിരീകരിച്ച മേഖലകളിൽ ഒരു കിലോമീറ്റർ ചുറ്റളവിൽ ഭവന സന്ദർശനംവഴി രോഗനിരീക്ഷണം നടത്തുകയും രോഗം പകരാൻ സാധ്യത കൂടുതലുള്ള ആൾക്കാർക്ക് പനിയുണ്ടെങ്കിൽ ചികിത്സ നൽകുകയും ചെയ്തു.

3. പക്ഷിപ്പനി ബാധിച്ച പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ പക്ഷികളേയും കൊന്ന് അണുനശീകരണം നടത്തി കഴിച്ചുമൂടുകയോ കത്തിക്കുകയോ ചെയ്തു.

4. പക്ഷികളെ കൊന്നൊടുക്കിയതും സംസ്കരിച്ചതുമായ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്ക് പേഴ്സണൽ പ്രൊട്ടക്ഷൻ കിറ്റും പ്രതിരോധ മരുന്നുകളും നൽകിയിട്ടുണ്ട്.

5. ജില്ലയിൽ മുഴുവൻ പ്രദേശങ്ങളിലും ആരോഗ്യ വിഭാഗത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ആശാവർക്കർ, മറ്റ് ഇതര എൻ.ജി.ഒ സംഘടനകളേയും സമന്വയിപ്പിച്ചുകൊണ്ട് വീടുവീടാന്തരമുള്ള പനി നിരീക്ഷണവും നോട്ടീസ് വിതരണവും നൽകിവരുന്നു.

6. ആലപ്പുഴ ജില്ലയിൽ ബോധവൽക്കരണത്തോടനുബന്ധിച്ച് ഒരു ലക്ഷം നോട്ടീസും വിവിധ തരത്തിലുള്ള ഐ.ഇ.സി. മെറ്റീരിയൽസും വിതരണം ചെയ്തുവരുന്നു.

7. ദിനംപ്രതിയുള്ള പ്രവർത്തന റിപ്പോർട്ട് ഐ.ഡി.എസ്.പി.യിലേക്കും തുടർന്ന് സ്റ്റേറ്റ് കൺട്രോൾ സെല്ലിലേക്കും അയച്ചുവരുന്നു.

8. താഴെത്തട്ടിൽനിന്നും ജില്ലാതലത്തിൽവരെ കാര്യമായി പ്രവർത്തന അവലോകനം നടത്തിവരുന്നു.

9. പ്രതിരോധ മരുന്നുകൾ ആവശ്യാനുസരണം എത്തിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പക്ഷിപ്പനി തടയാൻ ആവശ്യമായ പ്രതിരോധ മരുന്നുകൾ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പക്ഷിപ്പനി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ഒസൽട്ടാമിവിർ എന്ന മരുന്നാണ് ഉപയോഗിക്കുന്നത്. ആവശ്യമായ ഒസൽട്ടാമിവിർ 75 മി. ഗ്രാം, ഒസൽട്ടാമിവിർ 30 മി. ഗ്രാം, ഒസൽട്ടാമിവിർ സിറപ്പ് എന്നിവയാണ് ശേഖരിച്ചിട്ടുള്ളത്. ഇതുകൂടാതെ പി.പി.ഇ. കിറ്റുകൾ, മാസ്കുകൾ, 3 ലെയർ മാസ്കുകൾ എന്നിവ കാരുണ്യ ഫാർമസിവഴി ലഭിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് സ്ഥാപിച്ച വൈറോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

45 (2596) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആലപ്പുഴ മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് സ്ഥാപിച്ച വൈറോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഇൻസ്റ്റിറ്റ്യൂട്ട് കൂടുതൽ കാര്യക്ഷമമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് സ്ഥാപിച്ച വൈറോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്ക് കൈമാറുന്നതിന് മുഖ്യമന്ത്രി തലത്തിൽ നടന്ന ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ട്.

ചേലക്കര മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ

46 (2597) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാർ, നഴ്സുമാർ, ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഉടങ്ങി വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ വീതമുണ്ടെന്ന് സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly